**KPB Nidhi Ltd.**
Approved by Govt. of India-ESTD 1989
KPB Mandir,Sangeetha Sabha Road,Aluva-683101. Phone:0484-2922000,2922060
CIN:U65991KL1989PLC005448 headoffice@kpbnidhi.com,www.kpbnidhi.com

# കെ.പി.ബി നിധി ലിമിറ്റഡിന്റെ ഓഹരി ഉടമകൾക്കുള്ള അറിയിപ്പ്

സാമ്പത്തികവർഷം 2022-23 ലെ ഓഹരി ഉടമകളുടെ ലാഭവിഹിതം കമ്പനിയുടെ ബോർഡ് ഓഫ് ഡയറക്ടേഴ്സിന്റെ ശുപാർശപ്രകാരം 10/- രൂപ വിലവരുന്ന ഓരോ ഓഹരിക്കും 10% എന്ന നിരക്കിൽ ഓഹരി ഉടമകളുടെ അംഗീകാരത്തിനായി വാർഷിക പൊതുയോഗത്തിൽ (28.09.2023) മുന്നോട്ടുവയ്ക്കാൻ തീരുമാനിച്ചിരിക്കുന്നു. പൊതുയോഗത്തിൽ ഓഹരി ഉടമകൾ അംഗീകരിക്കുന്നതോടുകൂടി പൊതുയോഗം കഴിഞ്ഞു 30 ദിവസത്തിനകം ഇലക്ട്രോണിക് ട്രാൻസ്ഫർമോഡ് വഴി കമ്പനിയിൽ തന്നിരിക്കുന്ന ബാങ്ക് അക്കൗണ്ട് വിവരങ്ങളുടെ അടിസ്ഥാനത്തിൽ ലാഭവിഹിത തുക ഓഹരി ഉടമകൾക്ക് കൊടുക്കുന്നതാണ്. കമ്പനിയുടെ പക്കൽ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ തന്നിട്ടില്ലാത്ത ഓഹരി ഉടമകൾക്ക് ലാഭവിഹിതം രജിസ്റ്റേർഡ് മേൽവിലാസത്തിലേക്ക് വാറണ്ട് രൂപത്തിൽ അയക്കുന്നതാണ്. ലാഭവിഹിതം ലഭിക്കുന്നതിൽ താമസം വരാതെ ഇരിക്കാൻ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ കമ്പനിയിൽ എത്രയും പെട്ടെന്ന് രജിസ്റ്റർ ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു. അതിനുവേണ്ടി കമ്പനിയുടെ ഇ-മെയിൽ ഐഡി ആയ shares@kpbnidhi.com ലോ അല്ലെങ്കിൽ കമ്പനിയുടെ മേൽവിലാസം ആയ KPB NIDHI LIMITED, HEAD OFFICE, NO.VIII/441(1), KPB MANDIR, SANGEETHA SABHA ROAD, ALUVA-683101, PH: 0484-2922000, 2922060, 6235000218 ലോ ബന്ധപ്പെടേണ്ടതാണ്.

ഓഹരി ലാഭവിഹിത തുക 100/- രൂപയോ അതിൽ കുറവോ ഉള്ള ഓഹരി ഉടമകൾ (ഓഹരി മൂലധനതുക 1000/- ഓ അതിൽ കുറവോ ഉള്ള ഓഹരി ഉടമകൾ) ഡിവിഡന്റ് ലഭിക്കാൻ സമീപമുള്ള ബ്രാഞ്ചുകളിലോ / മുകളിൽ കൊടുത്തിരിക്കുന്ന കമ്പനിയുടെ ഇ-മെയിൽ / ഫോൺ വഴിയോ രജിസ്റ്റേർഡ് ഓഫീസിൽ ഡിവിഡന്റ് പ്രഖ്യാപിച്ച 30 ദിവസത്തിനകം ബന്ധപ്പെടുക.

വാർഷിക പൊതുയോഗത്തിൽ ഓഹരിവിഹിതം പ്രഖ്യാപിച്ചു 30 ദിവസത്തിന് ശേഷം ലാഭവിഹിത തുക ഓഹരി ഉടമകൾ കൈപ്പറ്റാത്തപക്ഷം കമ്പനീസ് ആക്ട് 2013 അനുസരിച്ചു `UNPAID DIVIDEND' അക്കൗണ്ടിലേക്ക് മാറ്റുന്നതാണ്.

മേൽപ്രകാരം മാറ്റിക്കഴിഞ്ഞ തുക ആവശ്യപ്പെട്ട് വരുന്ന ഓഹരി ഉടമകൾ കമ്പനിയിൽ അപേക്ഷ നൽകേണ്ടതും ആയതിനുശേഷം എല്ലാ നടപടിക്രമങ്ങളും പാലിച്ചശേഷം ഡിവിഡന്റ് തുക അവർക്കു നല്കുന്നതുമായിരിക്കും.

2020-ലെ ധനകാര്യനിയമം ഭേദഗതി ചെയ്ത Income Tax Act ലെ മാറ്റങ്ങൾക്കനുസൃതമായി 5000/- രൂപയിൽ കൂടുതൽ വരുന്ന ഡിവിഡന്റ് വരുമാനം റസിഡന്റ് ഓഹരി ഉടമകൾക്ക് നിയമത്തിന്റെ 194-ാം വകുപ്പ് പ്രകാരം താഴെ കൊടുത്തിരിക്കുന്ന ഉറവിട നികുതിനിരക്ക് (TDS) പ്രകാരം കുറയ്ക്കുന്നതാണ്.

| | |
|---|---|
| കമ്പനിയിൽ ലഭ്യമായ ഓഹരി ഉടമകളുടെ സാധുതയുള്ള PAN | 10 % അല്ലെങ്കിൽ ഭാരതസർക്കാർ അറിയിച്ചത് പോലെ |
| PAN ഇല്ലാത്തവരോ അഥവാ അസാധുവായ PAN ഉള്ളവരോ ആയ ഓഹരി ഉടമകൾ | 20 % അല്ലെങ്കിൽ ഭാരതസർക്കാർ അറിയിച്ചതുപോലെ |
| 50000/ രൂപയോ അതിൽ കൂടുതലോ ഉറവിടനികുതി (AGGREGATE TDS) ഉള്ള ഓഹരി ഉടമകൾ സാമ്പത്തിക വർഷം 2021ലെയും 2022ലെയും നിശ്ചിത തീയതിക്കുള്ളിൽ റിട്ടേൺ ഫയൽ ചെയ്തിട്ടില്ലെങ്കിൽ | 20% (2021 ജൂലൈ 1-നോ അതിനുശേഷമോ നൽകുന്ന ഡിവിഡന്റുകൾക്കു TDS നിരക്ക് ബാധകമാണ്) |

ഉറവിടനികുതി (TDS)യെ കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്കായി ഓഹരി ഉടമകൾ നികുതി ഉപദേശകരുടെ അഭിപ്രായം തേടുക.

ബോർഡ് ഓഫ് ഡയറക്ടേഴ്സിന്റെ നിർദ്ദേശാനുസരണം

കെ.പി.ബി. നിധി ലിമിറ്റഡിനു വേണ്ടി,

ആലുവ,
08.09.2023

ഒപ്പ്
**മുരളീധരൻ**
മാനേജിംഗ് ഡയറക്ടർ